കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷ പരിപാടികൾ - ജില്ലാതല പ്രദർശന മേളയിൽ സ്റ്റാളുകൾ സജ്ജീകരിക്കുന്നതിനായി സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയ്ക്ക് ഓരോ ജില്ലയിലും പരമാവധി ഒരു ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

സ.ഉ.(സാധാ) നം./102/2018/ഐ & പി.ആർ തീയതി,തിരുവനന്തപുരം, 21/04/2018

പരാമർശം: സ.ഉ. (സാധാ.) 55/2018/ഐ & പി ആർ, തീയതി 17.03.2018

ഉത്തരവ്

സംസ്ഥാനമന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച്, സംസ്ഥാന സർക്കാർ നടപ്പാക്കിയ വികസനക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇതിന് ആവശ്യമായ തുക ചെലവഴിക്കുന്നതിനും പരാമർശം പ്രകാരം ഭരണാനുമതി നൽകിയിരുന്നു. വാർഷികാഘോഷങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും ഒരു വാരം നീണ്ടു നിൽക്കുന്ന പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച് എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന ജില്ലാതല പ്രദർശന മേളകളിൽ സ്റ്റാളുകൾ സജ്ജീകരിക്കുന്നതിനായി സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയ്ക്ക് ഓരോ ജില്ലയിലും പരമാവധി 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3) മേളയിൽ പങ്കെടുക്കുന്ന വകുപ്പുകളും സ്ഥാപനങ്ങളും മേളയുടെ ഫലപ്രാപ്തി ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJA V
ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.